(സി) 1998-99-ലേയ്ക്ക് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(ഡി) ഇല്ല. മാനേജരുടെ പേരിൽ പരാതി ഉണ്ടായതിനാലാണ് 1999-2000-ൽ കുട്ടികളെ തെരഞ്ഞെടുക്കേണ്ട എന്നു തീരുമാനിച്ചത്.

(ഇ) ഉണ്ട്. സർക്കാർ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ തുടർച്ചാനുമതി നൽകിയാലേ ജില്ലാ ആഫീസർക്ക് ആനുകൂല്യങ്ങൾ നൽകാനാവുകയുള്ളൂ.

(എഫ്) അംഗീകാരം ലഭിച്ച സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ മാനേജർക്ക് തെരഞ്ഞെടുക്കാം. എന്നാൽ അംഗീകൃത കമ്മിറ്റി തെരഞ്ഞെടുത്ത കുട്ടികൾക്കുമാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ. കുട്ടികളെ മാനേജരാണ് തെരഞ്ഞെടുത്തത് എന്ന വിവരം സൂക്ഷ്മ പരിശോധനാ വേളയിലാണ് ഡയറക്ടർ സർക്കാരിനെ അറിയിച്ചത്. വിവരം യഥാസമയം സർക്കാരിനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയ രണ്ട് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ തടയുകയും ചെയ്തിട്ടുണ്ട്.

ഇരവിച്ചിറ നടുവിൽ ഭഗവതിയപ്പന്റെ കുടുംബത്തെ ആക്രമിച്ച സംഭവം

10 (2560) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് പഞ്ചായത്തിലെ ഇരവിച്ചിറ നടുവിൽ പട്ടികജാതി കോളനിയിലെ ആദിവാസിയായ ഭഗവതിയപ്പന്റെ കുടുംബത്തെ വ്യാജച്ചാരായ വില്പനക്കാരുടെ സംഘം ആക്രമിച്ച് കുടി ഒഴിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുടുംബം ആക്രമികളുടെ ഭീഷണിയിൽനിന്നും രക്ഷനേടാനും ചികിത്സക്കുമായി ശാസ്താംകോട്ട ആശുപത്രിയിൽ കഴിയുകയാണെന്ന കാര്യം അറിയുമോ ;

(സി) അവർക്ക് ചികിത്സാ സഹായമോ സംരക്ഷണമോ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഈ ആദിവാസി കുടംബത്തെ ആക്രമിച്ചവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ഇ) ഇവരുടെ പുനരധിവാസത്തിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. ഭഗവതിയപ്പൻ പട്ടികജാതിക്കാരനാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി ആവശ്യമെന്നു കണ്ടാൽ നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പോലീസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം 35/2000 നമ്പരായി ഭഗവതിയപ്പന്റെ മകന്റെ ഭാര്യയെ ആക്രമിച്ച സംഭവത്തിൽ രാജേഷ് എന്നൊരാൾക്കെതിരെ ശൂരനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ അതിക്രമം തടയൽ നിയമ ജില്ലാ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീനിവാസപുരം പട്ടികജാതി സങ്കേതത്തിലെ കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കാൻ നടപടി

11 (2561) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മരുതി പഞ്ചായത്തിലെ ശ്രീനിവാസപുരം പട്ടികജാതി സങ്കേതത്തിൽ അര നൂറ്റാണ്ടിലേറെക്കാലമായി സ്വന്തം ഭൂമിയിൽ താമസിക്കുന്ന അൻപതോളം കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവർക്ക് പട്ടയം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പട്ടയം നൽകാൻ കാലതാമസം വരുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) കാലതാമസം ഒഴിവാക്കി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ശ്രീനിവാസപുരം കോളനിയിലെ നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

ചാമവിള ഹരിജൻകോളനി റോഡ് ടാർ ചെയ്യുന്നതിന് നടപടി

12 (2562) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ.അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിലെ പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗ സങ്കേതത്തിലേയ്ക്കുള്ള റോഡ് ടാർ ചെയ്യുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly